**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4757** **19-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ചാവക്കാട് ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ 3.45 ലക്ഷം രൂപയുടെ മെയിന്റനൻസ് വർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ 2013-14 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യ കമ്മീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 132 ലക്ഷം രൂപ അടങ്കൽ തുകയിൽ ചാവക്കാട് ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ അക്കാദമിക് ബ്ലോക്ക്, സോളാർ ഹൈമാസ്റ്റ് ലൈറ്റ്, ബയോഗ്യാസ് പ്ലാന്റ്, സ്കൂളിലാവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും വിതരണം ചെയ്യൽ എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 10 സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഘട്ടംഘട്ടമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്കൂളിന്റെയും വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ